# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 229 10.12.2014-ൽ മറുപടിയ്ക്ക്**

## നദികളുടെയും, തണ്ണീർതടങ്ങളുടെയും സംരക്ഷണം

**ചോദ്യം**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**
**ശ്രീ.സി.മമ്മൂട്ടി**
**ശ്രീ.പി.ഉബൈദുള്ള**
**ശ്രീ.എം.ഉമ്മർ :**

(എ) സംസ്ഥാനത്തെ നദികളുടെയും, തണ്ണീർതടങ്ങളുടെയും സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളും ആയത് നടപ്പാക്കാനുള്ള സംവിധാനങ്ങളും സംബന്ധിച്ച വിശദവിവരം നല്കാമോ;

**മറുപടി**

**ശ്രീ.പി.ജെ.ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് വിവിധ വകുപ്പുകൾ/ഏജൻസികൾ വഴി നടപ്പിലാക്കുന്ന വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ ജലസേചന വകുപ്പ് വഴി നടപ്പിലാക്കുന്നത് "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് -2003" ആണ്. ഇത് കൂടാതെ, കേന്ദ്ര നിയമമായ തണ്ണീർത്തട (സംരക്ഷണവും മാനേജ് മെൻറും) റൂൾസ് -2010 വിഭാവനം ചെയ്യുന്ന തരത്തിലുള്ള സംരക്ഷണ നടപടികളും ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും താലൂക്ക്/വില്ലേജ് തലങ്ങളിലും ജലസേചന വകുപ്പിന്റെ വിവിധ ആഫീസുകൾ പ്രവർത്തിക്കുന്നതിനാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വഴി നിയമം അനുശാസിയ്ക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. ഇതിനു പുറമേ നദി/കായൽ തീരങ്ങൾ കൈയ്യേറ്റമുണ്ടായാൽ അത് ഒഴിപ്പിക്കുന്നതിന് കേരള ലാന്റ് കൺസർവൻസി ആക്ട് (195) പ്രകാരം ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള നദീ (സംരക്ഷണ - മണൽ വാരൽ നിയന്ത്രണ) ആക്ട്, കേരള പഞ്ചായത്തി രാജ് ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ യഥാക്രമം റവന്യൂ, തദ്ദേശ സ്വയം ഭരണ വകുപ്പ് അധികൃതർ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | നിർദ്ദിഷ്ട റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്പ്മെന്റ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (ബി) | നിർദ്ദിഷ്ട റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാന്റ് ഡെവലപ്പ്മെന്റ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യചുമതലകൾ നിരവധി അധികാര സ്ഥാനങ്ങൾക്ക് നല്കുന്നതുകൊണ്ടുണ്ടാകാവുന്ന അധികാരത്തർക്കങ്ങളെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ വിവിധ അധികാര സ്ഥാനങ്ങൾക്ക് നൽകുന്നതു കൊണ്ടുണ്ടാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും മറ്റു പ്രശ്നങ്ങളെക്കുറിച്ചും ജലവിഭവ വകുപ്പ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ, സംസ്ഥാന നദീ - തണ്ണീർത്തട അതോറിറ്റി ബിൽ നിയമമായാൽ വിവിധ ഏജൻസികളെ /ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് സംയോജിത വികസന / സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നിർദ്ദിഷ്ട റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്പ്മെന്റ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

കേരള ജലസേചന - ജലസംരക്ഷണ ആക്ട് 2003 ഭേദഗതിയിലൂടെയാണ് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന അതോറിറ്റിക്കു കീഴിൽ ഒന്നോ, അതിലധികമോ വരുന്ന നദീതടങ്ങൾക്കായി/തണ്ണീർത്തടങ്ങൾക്കായി "റിവർ ബേസിൻ ബോർഡുകളും", "തണ്ണീർത്തട വികസന ബോർഡുകളും" രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) നദീതട ബോർഡുകളുടേയും തണ്ണീർത്തട വികസന ബോർഡുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2) നദീ - തണ്ണീർത്തട സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന പദ്ധതികളുടെ ഗുണ മേന്മ/ആവശ്യകത ഉറപ്പാക്കുക.

3) പദ്ധതികളുടെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് അല്ലെങ്കിൽ നിക്ഷേപ ഗുണതാ ഫലം വിലയിരുത്തി പദ്ധതി പ്രവർത്തനം ഉറപ്പു വരുത്തുക.

4) സംസ്ഥാനത്തെ നദികളും, തടാകങ്ങളും, മറ്റ് പ്രകൃതിദത്ത ജലസ്രോതസ്സുകളും സംരക്ഷിക്കുകയും ജലഉപയോഗം നിയന്ത്രിച്ച് പരിപാലനം ഉറപ്പു വരുത്തുകയും ചെയ്യുക.

5) തണ്ണീർത്തടങ്ങളുടെ വിവിധ അതിര് പ്രദേശങ്ങൾ പ്രഖ്യാപിക്കുകയും അതിർ പ്രദേശങ്ങൾക്കുള്ളിലെ എല്ലാപ്രവർത്തനങ്ങളും നിയന്ത്രിക്കുകയുംചെയ്യുക.

6) ജല പരിസ്ഥിതിയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് ജലവിഭവത്തിന്റെ സുസ്ഥിര വികസനത്തിനും പാരിസ്ഥിതിക വ്യവസ്ഥയുടെ ശാസ്ത്രീയമായ പരിപാലനത്തിനുമായി വേണ്ടി വരുന്ന നിയമങ്ങളും നയങ്ങളും പദ്ധതികളും രൂപീകരിക്കുകയും ശുപാർശ നൽകുകയും ചെയ്യുക.

7) ജലവിഭവ സംരക്ഷണത്തിൽ സ്വാധീനം ചെലുത്തുന്ന പ്രകൃതി വിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.

8) ജലഗുണ നിലവാരം നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

9) നദികളിലെ ആവാസ വ്യവസ്ഥ നിലനിർത്താനാവശ്യമായ നീരൊഴുക്ക് ഉറപ്പു വരുത്തുക, ജല ഉപയോഗവുമായി ബന്ധപ്പെട്ടു വരുന്ന ജല തർക്കങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിനോട് ശുപാർശ ചെയ്യുകയും ജലാശയങ്ങളുടെ രൂപ ഘടന നിലനിർത്തുകയും ചെയ്യുക.

10) നദീ/തണ്ണീർത്തട വൃഷ്ടി പ്രദേശത്തെ സംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുക.

11) ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക.

12) ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക.

13) അന്തർ സംസ്ഥാന വിഷയങ്ങളും മറ്റു തർക്കങ്ങളും ഉൾപ്പെടെ നയപരമായ വിഷയങ്ങളെ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക

14) ലഭ്യമാകുന്ന ഫണ്ടുകളുടെ വിനിയോഗ വിതരണം നദീ/തണ്ണീർത്തട ബോർഡുകൾക്ക് നൽകുക.

15) പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ഗുണ ഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

16) നദീ/തണ്ണീർത്തടങ്ങളുടെ സുരക്ഷിത സംരക്ഷണ - പരിപാലനത്തിനായി വേണ്ട കാര്യങ്ങളും സർക്കാർ അതതു അവസരങ്ങളിൽ ഏല്പിച്ചു കൊടുക്കുന്ന മറ്റു ചുമതലകളും നിർവഹിക്കുക.

സംസ്ഥാന നദീ/തണ്ണീർത്തട അതോറിറ്റിക്കു കീഴിൽ രൂപീകരിക്കുന്ന നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടേയും മുഖ്യ ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്.

<u>നദീതട ബോർഡുകൾ:</u>

1) നദികളിലെ നീരൊഴുക്ക്, കാലാവസ്ഥ, ജലഗുണ നിലവാരം തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും , വിശകലനം ചെയ്യുകയും, സംസ്ഥാന അതോറിറ്റിക്ക് കൈമാറുകയും ചെയ്യുക.

2) നദീതടങ്ങളുടെ സുസ്ഥിര വികസനത്തിനാവശ്യമായ സ്ഥിതി വിവര ശേഖരണ സംവിധാനം സജ്ജമാക്കി പ്രവർത്തിപ്പിക്കുക.

3) സംസ്ഥാന അതോറിറ്റി അംഗീകരിച്ച വികസന പരിപാലന സമീപന മനുസരിച്ചായിരിക്കണം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടത് എന്ന നിർദ്ദേശം വിവിധ ഏജൻസികൾക്ക് നൽകുക.

4) നദീതട സംരക്ഷണ പദ്ധതികൾ തയ്യാറാക്കുക.

5) നീർത്തട അടിസ്ഥാനത്തിൽ നദീതട വികസനത്തിനായുള്ള മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി സംസ്ഥാന അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

6) പാരിസ്ഥിതിക ആഘാത പഠനം ആവശ്യമായ പദ്ധതികൾക്ക്, ആയത് നടത്തുന്നതിനു വേണ്ടിയുള്ള സഹായം നൽകുക.

7) ജലശേഖരങ്ങളിൽ നിന്ന് വെള്ളമെടുക്കുന്നതിനുള്ള അനുവാദം (വ്യവസ്ഥകൾക്ക് വിധേയമായി) നൽകുക.

8) നദീതട ബോർഡുകളുടെ പരിധിയിൽ വരുന്ന ജലതർക്കങ്ങൾ പരിഹരിക്കുക. പരിഹരിക്കാൻ കഴിയാത്തവ സംസ്ഥാന അതോറിറ്റിക്ക് വിടുക.

9) ജലവിഭവ ചൂഷണവും അത് കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുക.

10) ജലമലിനീകരണം തടയുന്നതിനുള്ള നടപടികളെടുക്കുകയും, തുടർ നടപടി ആവശ്യമുള്ളവ മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറുകയും ചെയ്യുക.

11) ജലസംബന്ധിയായ ദുരന്തങ്ങൾ ഉണ്ടാകാതെ നോക്കുകയും, അവശ്യ ഘട്ടങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന്

പ്രവർത്തിക്കുയും വിവരം സംസ്ഥാന അതോറിറ്റിക്ക് കൈമാറുകയും ചെയ്യുക.

12) സംസ്ഥാന നദീ - തണ്ണീർത്തട അതോറിറ്റിക്ക് ആവശ്യമായ വിവരങ്ങൾ സമയ ബന്ധിതമായി നൽകുക.

13) നദീതട പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിക്കുക.

14) ഓരോ ബോർഡുകൾക്കും കീഴിൽ വരുന്ന നദികളുടെയും നദീതട പ്രദേശങ്ങളുടെയും ആവാസ വ്യവസ്ഥ സംരക്ഷിച്ച് പരിപാലിക്കുക.

15) വിവിധ സംഘടനകളുടെ/ഏജൻസികളുടെ സഹായത്തോടെ ജലസാക്ഷരതാ പ്രവർത്തനങ്ങളും, ബോധ വൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

16) നദീതട ആവാസ വ്യവസ്ഥ സുസ്ഥിരമാക്കുന്നതിന് തദ്ദേശിയരുടെ പങ്കാളിത്തം ഉറപ്പാക്കുക.

17) നദീ,നദീതട സംരക്ഷണത്തിനായി ഫണ്ടുകൾ കൈകാര്യം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുക.

18) സംസ്ഥാന നദീ - തണ്ണീർത്തടം ഏജൻസി ഏല്പിച്ചു നൽകുന്ന മറ്റ് പ്രവൃത്തികൾ ഏറ്റെടുക്കുകയും നദീ, നദീതട സംരക്ഷണത്തിന് അത്യാന്താപേക്ഷിതമെന്നു തോന്നുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

<u>**തണ്ണീർത്തട വികസന ബോർഡുകൾ.**</u>

1) വിവിധ ഏജൻസികൾ /വകുപ്പുകൾ നടത്തുന്ന ജല സംബന്ധിയായ, കാലാവസ്ഥ സംബന്ധിച്ച വിവര ശേഖരണം സമയ ബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും, വിശകലനം ചെയ്യുകയും സംസ്ഥാന അതോറിറ്റിക്ക് കൈ മാറുകയും ചെയ്യുക.

2) തണ്ണീർത്തടങ്ങളുടെ സമഗ്ര പരിപാലനത്തിനാവശ്യമായ വിവര ശേഖരണവും വിനിമയവും.

3) പാരിസ്ഥിതിക, സാമൂഹിക, സാങ്കേതിക, സാമ്പത്തിക ഘടകങ്ങൾക്ക് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച്, അംഗീകാരത്തിനായി നൽകുക.

4) ഓരോ തണ്ണീർത്തട പരിപാലത്തിനും ആവശ്യമുള്ള ക്യാച്ച്മെന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുക.

5) പാരിസ്ഥിതിക ആഘാത പഠനം ആവശ്യമുള്ള പദ്ധതികൾക്ക്, അവ നടത്തുന്നതിനുള്ള ശ്രമം നടത്തുക/പാരിസ്ഥിതിക ആഘാത പഠനമനുസരിച്ച് പദ്ധതി തയ്യാറാക്കുക.

6) തണ്ണീർത്തടങ്ങളിൽ നിന്നും, വ്യവസ്ഥകൾക്ക് വിധേയമായി, ജലമെടു ക്കുന്നതിന് അനുവദിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക.

7) തണ്ണീർത്തട വികസന ബോർഡിന്റെ അധികാര പരിധിയ്ക്കുള്ളിൽ വരുന്ന ജലസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുകയും. പരിഹരിക്കാൻ കഴിയാത്തവ സംസ്ഥാന നദീ -തണ്ണീർത്തട അതോറിറ്റിക്ക് കൈമാറുക.

8) ജലവിഭവ ചൂഷണവും അതിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ നിയന്ത്രിക്കാനാവശ്യമായ നടപടികൾ ശുപാർശ ചെയ്യുക.

9) ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മലിനീകരണം സംബന്ധിച്ച കേസുകൾ തുടർനടപടികൾക്കായി മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറുകയും ചെയ്യുക.

10) ജലദുരന്തങ്ങൾ ഒഴിവാക്കുന്നതിന് /തടയുന്നതിനുള്ള നടപടി സ്വീകരി ക്കുകയും, പ്രസ്തുത പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റിയുമായി ഏകോപിപ്പിക്കുകയും , സംസ്ഥാന അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

11) സംസ്ഥാന നദീ - തണ്ണീർത്തട അതോറിറ്റിക്ക് ആവശ്യമായ വസ്തുതകളും വിവരങ്ങളും സമയ ബന്ധിതമായി നൽകുക.

12) തണ്ണീർത്തട വികസന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.

13) തണ്ണീർത്തട വികസന ബോർഡുകളുടെ അധികാര പരിധിക്കുള്ളിൽ വരുന്ന തണ്ണീർത്തടങ്ങളുടെയും അവയിലേയ്ക്ക് വന്നു ചേരുന്ന നദീതടങ്ങളുടെയും ആവാസ വ്യവസ്ഥ സംരക്ഷിച്ച് പരിപാലിക്കുക.

14) ജല സാക്ഷരതയും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ/സംഘടനകളുമായി ചേർന്ന് നടത്തുക.

15) തണ്ണീർത്തട വികസന/സംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശിയരുടെ പങ്കാളിത്തം ഉറപ്പാക്കുക.

16) നിയമാനുസൃതം തണ്ണീർത്തട ഫണ്ടുകൾ കൈകാര്യം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുക.

17) തണ്ണീർത്തടങ്ങളുടെ സുസ്ഥിര പരിപാലനത്തിന് വേണ്ട മറ്റു നടപടികൾ സ്വീകരിക്കുക.

18) സംസ്ഥാന അതോറിറ്റി സമയാ സമയങ്ങളിൽ ഏല്പിക്കുന്ന മറ്റു പ്രവൃത്തികൾ നിർവ്വഹിക്കുക.

Bindu

സെക്ഷൻ ഓഫീസർ